"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീ. സക്കീർ. ടി.എം. ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1045/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/05/2021

---

പരാമർശം:- 1 സ.ഉ(പി) നം 8/2017/ഉഭപവ തീയതി 05.07.2017

2 ശ്രീ. സക്കീർ. ടി.എം സമർപ്പിച്ച 25.09.2019 തീയതിയിലെ അവധി അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 25.10.2019 ലെ PAN/12577/2019-E9(DP) നമ്പർ കത്ത്.

**ഉത്തരവ്**

1. ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീ സക്കീർ. ടി.എം 01.10.2019 മുതൽ 31.07.2020 വരെ പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം ( 2 ) പ്രകാരം അപേക്ഷ സമർപ്പിച്ചു. മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 29/08/2019 മുതൽ നിയമനം ലഭിച്ച് ജോലി ചെയ്ത് വരുന്ന ശ്രീ. സക്കീർ. ടി.എം. ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ചെങ്ങന്നൂർ ഗവ ഐ.ടി.ഐ യിൽ Mechanic Agriculture Machinery എന്ന രണ്ട് വർഷത്തെ കോഴ്സിന് പഠനം നടത്തി വരികയായിരുന്നുവെന്നും ടി കോഴ്സ് 2020 ജൂലൈ മാസമാണ് പൂർത്തിയാകുന്നതെന്നും ടി കോഴ്സ് പൂർത്തീകരിക്കുന്നതിനാണ് 01.10.2019 മുതൽ 31.07.2020 വരെ ശൂന്യവേതനാവധിക്കായി അപേക്ഷിച്ചിട്ടുള്ളതെന്നും മാരാരിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായും കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് കേരള സർവീസ് റൂൾ ബാധകമല്ലെന്നും ടി വിഭാഗം ജീവനക്കാർക്ക് പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂൾ ലെ റൂൾ 14 പ്രകാരം ഒരു കലണ്ടർ വർഷത്തിൽ 120 ദിവസത്തെ ശൂന്യവേതനാവധിക്ക് അർഹതയുള്ളതായും പരാമർശം (1) ഉത്തരവ് പ്രകാരം 120 ദിവസത്തിന് മുകളിൽ 240 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പിന് അനുമതി നല്കിയിട്ടുള്ളതായും പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂൾ ലെ റൂൾ 14 പ്രകാരം അനുവദിക്കുന്ന ശൂന്യവേതനാവധി പഠനാവശ്യത്തിന് അനുവദിക്കാമോയെന്ന് ടി ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടില്ലെന്നും ടി സാഹചര്യത്തിൽ ടിയാന്റെ അവധി അപേക്ഷയിന്മേൽ സ്പഷ്ടീകരണത്തിനും തുടർനടപടികൾക്കുമായി ടിയാന്റെ അവധി അപേക്ഷയും അനുബന്ധങ്ങളും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർമാർക്ക് പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂൾ പ്രകാരമുള്ള സേവന വ്യവസ്ഥകളാണ് സ്വീകരിച്ച് വരുന്നത്. പരാമർശം (1) ഉത്തരവ് പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പ്രത്യേക സാഹചര്യങ്ങളിൽ/മെഡിക്കൽ ആവശ്യങ്ങൾക്ക് അനുവദിക്കാവുന്ന ശൂന്യവേതനാവധിയുടെ പരിധി

നിലവിലുള്ള 120 ദിവസത്തിൽ നിന്നും 240 ദിവസമായി ഉയർത്തികൊണ്ടും 120 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം നിയമനാധികാരിയിലും അതിന് മുകളിൽ 240 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട് ഭരണ വകുപ്പിലും നിക്ഷിപ്തമായിരിക്കുമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ശ്രീ. സക്കീർ. ടി.എം. ന് 01.10.2019 മുതൽ 31.07.2020 വരെ 2019 കലണ്ടർ വർഷം 92 ദിവസവും 2020 കലണ്ടർ വർഷം 213 ദിവസവും അവധി ആവശ്യമാണ്. അപേക്ഷകൻ ചെങ്ങന്നൂർ ഗവ ഐ.ടി.ഐ പ്രിൻസിപ്പൽ നൽകിയിട്ടുള്ള 23.9.2019 തീയതിയിലെ കേഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂളിലെ ചട്ടം 14 പ്രകാരവും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരവും മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീ. സക്കീർ. ടി.എം. ന് 01.10.2019 മുതൽ 31.07.2020 വരെ പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

ശ്രീ. സക്കീർ. ടി.എം, പാർട്ട് ടൈം സ്വീപ്പർ, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് (സെക്രട്ടറി, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ജില്ല.

സെക്രട്ടറി,മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/156/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ